

വികസനത്തിന്റെ വില

സൈഫുദ്ദീൻ

# യന്ത്രം മാറ്റിവരച്ച ചില ജീവിത രേഖകൾ

മേശപ്പുറങ്ങളിൽ അഴുക്കും പൊടിയും തൊടാതെ അടുക്കിലും ചിട്ടയിലും നിരത്തിവെച്ച മുപ്പത്തിയാറ് ടൈപ്പ്റൈറ്റിംഗ് മെഷീനുകളെ സാക്ഷിയാക്കിയായിരുന്നു **വിജയൻ മാഷ് ഒറ്റ മുഴം കയറിൽ ജീവിതത്തിന് വിരാമചിഹ്നമിട്ടത് നളിനി ടീച്ചറെയും മകൾ പാർവ്വതിയെയും അനാഥരാക്കി.**

മാഷ് മരണത്തിലേക്ക് തൂങ്ങിയാടിയ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നായിരുന്നു നളിനി ടീച്ചർ വിജയൻ മാഷിന്റെ ജീവിതത്തിന് കൂട്ടായത്. മാഷിന്റെ കൈ വിരലുകളിൽ ഗന്ധർവ്വൻമാർ കൂടുവെച്ചിട്ടുണ്ട് എന്ന് മാഷിന്റെ വിദ്യാർത്ഥിയായിരുന്ന കാലത്ത് ടീച്ചർ പലരോടും പറഞ്ഞിട്ടുണ്ട്. ടൈപ്പ്റൈറ്ററിനു മുന്നിൽ ഉൻമാദം പിടിപെട്ടവനെപ്പോലെ അക്ഷരങ്ങളിലൂടെ അതിവേഗം പാഞ്ഞുപോകുന്ന മാഷിനോടുള്ള കടുകടുത്ത ആരാധനയായിരുന്നു ടീച്ചറിന്റെ തെരഞ്ഞെടുപ്പിൽ. സന്തോഷത്തിന്റെ ക്ഷാമമറിയാത്ത ജീവിതം. അതിനിടയിൽ പാർവ്വതിയുടെ വരവ്.

എന്നിട്ടും നിങ്ങളിങ്ങനെ ചെയ്തതെന്തിനാരുന്നു? എന്നേം മോളേം മറന്നതെന്തിനാരുന്നു? എന്ന നളിനി ടീച്ചറിന്റെ നെഞ്ചുപറിഞ്ഞ ചോദ്യത്തിനു മാത്രം പെട്ടന്നൊരു ഉത്തരം ആർക്കും പറയാൻ കഴിയാതെ പോയി.

ആലപ്പുഴയിലെ ആദ്യത്തെ സാങ്കേതിക പാഠശാല വിജയൻമാഷിന്റെ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടാണ്. മൂർച്ച കൂടിയ കണ്ണട വെച്ച്, ഒറ്റക്കര മുണ്ടുടുത്ത് കൈയ്യിൽ പൊ



തിഞ്ഞു കെട്ടിയ ചോറുമായി മാഷ് അതിരാവിലെ നിരപ്പലകകളുള്ള ഇൻസ്റ്റിറ്റ്യൂട്ട് തുറക്കാൻ പോകുന്നത് ഞങ്ങളുടെ ചെറുപ്പമുള്ള ഓർമ്മകളായിരുന്നു. മാഷിന്റെ ഇൻസ്റ്റിറ്റ്യൂട്ടിൽ എപ്പോഴും തിരക്കുതന്നെ. മണിക്കൂറുകൾ അളന്നുകൊടുത്ത ക്ലാസിന്റെ അടുത്ത ഊഴവും കാത്ത് പുറത്തെ മരബെഞ്ചിൽ എപ്പോഴും ആരെങ്കിലുമുണ്ടാവും. പഠിതാക്കളുടെ മികവനുസരിച്ച് പല വേഗത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും ചിലച്ചുകൊണ്ടിരുന്ന മുപ്പത്തിയാറ് ടൈപ്പ്റൈറ്ററുകൾ. രാവിലെ മുതൽ രാത്രിയാകും വരെ ഒരേ മേളപ്പെരുക്കം.

റോഡ് തകർന്നു, പെപ്പ് പൊട്ടി, പാലം വേണം, വഴിവിളക്ക് കത്തണം തുടങ്ങിയ നാടിന്റെ ആവശ്യങ്ങളും ആവലാതികളും അധികൃതരെ തിരഞ്ഞെത്തിയിരുന്നത് വിജയൻ മാഷിന്റെ റെമിംഗ്ടൺ ടൈപ്പ്റൈറ്ററിൽക്കൂടിയായിരുന്നു. പരാതികൾക്കും അപേക്ഷാ ഫോമുകൾക്കും ഞങ്ങൾക്ക് വിജയൻ മാഷ് മതിയായിരുന്നു. അതൊക്കെ പ്രതിഫലം വാങ്ങാതെ പൂരിപ്പിച്ച് കൊടുത്തതും മാഷായിരുന്നു.

ഹയറും ലോവറും ഷോർട്ട്ഹാന്റും പാസായ മാഷിന്റെ ശിഷ്യഗണങ്ങൾ സർക്കാർ ഗുമസ്ഥൻമാരും സ്റ്റെനോഗ്രാഫർമാരുമായി. നളിനി ടീച്ചറും മാഷിന്റെ സഹായത്തിനെത്തിയതോടെ ഇൻസ്റ്റിറ്റ്യൂട്ട് ഒന്നുകൂടി ഉഷാറായി.

പക്ഷേ, നാടൊട്ടാകെ കമ്പ്യൂട്ടർ സെന്ററുകൾ പടപ്പുറപ്പാട് നടത്തുന്നതും ശിഷ്യൻമാരുടെ നിര ചുരുങ്ങിവന്നതും എന്തുകൊണ്ടോ മാഷ് മാത്രം അറിയാൻ വൈകി. ശിഷ്യരിൽ ചിലർ തന്നെ കാലത്തിനനുസരിച്ച് മാറി കമ്പ്യൂട്ടർ സെന്ററുകളുമായി ജീവിതത്തിന് കുറുകെ വന്നപ്പോൾ മാഷ് ശരിക്കും ഞെട്ടി. ഒടുവിൽ ആൾതാമസമില്ലാത്ത വീട്ടിലെ പൂജാമുറി പോലെ ഇൻസ്റ്റിറ്റ്യൂട്ട് മാറി. എന്നും രാവിലെ എത്തി പതിവു പോലെ ടൈപ്പ്റൈറ്ററുകൾ തുടച്ചുമിനുക്കി ആരെയോ കാത്തിരുന്നു. കാലത്തിന്റെ വല്ലാത്ത വേഗത്തിൽ വിജയൻ മാഷെ ഞങ്ങളും മറന്ന് പോയിരിക്കണം. അതുകൊണ്ടാണ് ഒറ്റത്തുണ്ട് കയറിൽ വിജയൻ മാഷ് സ്വയം അവസാനിപ്പിച്ചപ്പോൾ ഏത് വിജയൻ മാഷ് എന്ന് ഞങ്ങളിൽ ചിലർക്ക് ചോദിക്കേണ്ടിവന്നതെന്ന് ഖേദത്തോടെ ഓർമ്മിക്കട്ടെ.

തോൽപ്പിച്ചുകളയുന്ന യന്ത്രങ്ങളുടെ കാലത്തോട് പൊരുതാനാവാഞ്ഞ് വിജയൻമാഷുമാർ സ്വയം തീർപ്പ് പ്രഖ്യാപിച്ച് പിൻവാങ്ങുന്നു. പക്ഷേ, തുരുമ്പിച്ചു തുടങ്ങുകയും കരകരയെന്നു കരയുകയും ചെയ്യുന്ന ജീവിതം കൊണ്ട് പോരടിച്ചു കൊണ്ടേയിരിക്കുന്ന കുറച്ചു മനുഷ്യരെങ്കിലുമുണ്ട് ഈ ദുനിയാവിൽ. ആലപ്പുഴ നഗരത്തിന്റെ രണ്ടു നേരങ്ങളിൽ അവരിൽ ചിലർ പ്രത്യക്ഷപ്പെടും. ഇരുമ്പിന്റെ കനമുള്ള മനസ്സോടെ.

ലക്ഷങ്ങൾ വിലയുള്ള അത്യാഡംബര കാറുകൾ ആഞ്ഞുപറക്കുന്ന റോഡ്. അതിൽ പുരാവസ്തു ശേഖരത്തിൽ നിന്നിറങ്ങി വന്നതു പോലെ ആടിയുലഞ്ഞുനീങ്ങുന്ന ഇത്ര



കേരളീയം

ദയറെ സൈക്കിൾറിക്ഷകൾ ഒരു പക്ഷേ കേരളത്തിൽ ഈ നഗരത്തിന്റെ മാത്രം കാഴ്ചയാണ്. തെരുവുകൾക്ക് ഉൻമാദം പിടിപെടുന്ന രാവിലെയും വൈകുന്നേരവും സ്കൂളുകൾക്ക് മുന്നിൽ മുറതെറ്റാതെ കുഞ്ഞുങ്ങൾക്കായി സൈക്കിൾറിക്ഷകൾ എത്തുന്നു. തോട്ടുങ്കൽപുരയിടത്തിൽ അബ്ദുൾ ലത്തീഫെന്നും ചെമ്പകശ്ശേരിപുരയിടത്തിൽ വിജയനെന്നും അത്തയെന്നും പൊടിയെനെന്നും അവരിൽ ചിലർക്കു പേർ. വയസ്സിന്റെ കണക്കു പുസ്തകത്തിൽ എഴുപതുകൾ എഴുതിച്ചേർത്തവർ.

ആദ്യമായി നഗരത്തിൽ സൈക്കിൾറിക്ഷ എത്തിയത് 1963-64 കാലത്ത്. ഡബ്ല്യൂ.ടി.ചെറിയാൻ എന്നയാൾ എറണാകുളത്തുനിന്ന് അന്ന് നഗരത്തിൽ ഇറക്കിയത് 22 വണ്ടികളായിരുന്നു. ദിവസവാടക ഒന്നര രൂപ. സൈക്കിൾ റിക്ഷകൾക്കു മുമ്പും കാലമുണ്ടായിരുന്നു. ഒരാളെ കയറ്റി മറ്റൊരാൾ വലിച്ചു കൊണ്ടു പോകുന്ന വലിറിക്ഷകളുടെ കാലം. 'ഓടയിൽനിന്നി'ലെ പപ്പു എന്ന യോഗ്യനായ റിക്ഷാവലിക്കാരനെ കേശവദേവ് കണ്ടെത്തിയത് ഇവിടത്തെ തെരുവിൽ നിന്നാണ്.

കെ.വിജയൻ, വയസ്സ് 70, ചെമ്പകശ്ശേരി പുരയിടം, സക്കറിയ ബസാർ. 45 വർഷമായി സൈക്കിൾറിക്ഷ ചവിട്ടി ജീവിക്കുന്നു. ഭാര്യയും നാല് പെൺമക്കളും ഒരാണുമടങ്ങുന്ന കുടുംബത്തെ ഇത്രകാലം നോക്കി വളർത്തിയെടുത്തത് റിക്ഷ ചവിട്ടിയ സമ്പാദ്യം കൊണ്ട്. ആലിശ്ശേരി വാർഡിൽ തോട്ടുങ്കൽ പുരയിടത്തിൽ അബ്ദുൽ ലത്തീഫ്. എഴുപത്തൊന്നുകാരൻ. ഏഴ് മക്കളടങ്ങിയ കുടുംബത്തിന്റെ കാരണവർ.

വിജയനും ലത്തീഫുമെല്ലാം പറയുന്ന പഴയകാല റിക്ഷാകഥകൾ നഗരത്തിന്റെ കൂടി കഥയാണ്. തുറമുഖത്തിന് ജീവനുണ്ടായിരുന്ന കാലം. മലഞ്ചരക്കുകൾ ആലപ്പുഴ വഴി ലോകത്തിന്റെ മുക്കുമൂലകളിലേക്ക് കയറിപ്പോയ കാലം. കയറിന്റെയും എണ്ണയുടെയും പുന്നെല്ലിന്റെയും മണം പെരുത്ത തെരുവുകൾ. ഏഴര വെളുപ്പിനു മുതൽ പാതിരാത്രി വരെ തിരക്കു പിടിച്ച നഗരം. സഞ്ചാരസൗകര്യമായി സൈക്കിൾ റിക്ഷകൾ മാത്രമുണ്ടായിരുന്ന കാലം. അന്ന് നഗരത്തിൽ മാത്രമായി അയ്യായിരത്തോളം സൈക്കിൾറിക്ഷകളുണ്ടായിരുന്നു. തുറമുഖത്തും, ബീച്ചാശുപത്രി, മെഡിക്കൽ കോളേജ് കവലകളിലും ചുങ്കത്തുമെല്ലാം അവർക്കായി പ്രത്യേകം സ്റ്റാന്റുമുണ്ടായിരുന്നു.

നാല് വർഷം വിജയനും വലിറിക്ഷക്കാരനായിരുന്നു. ദേഹബലം മാത്രം കൈമുതലായ തൊഴിൽ. വളരെ പെട്ടന്ന് വലിവണ്ടികൾ നിരത്തുവിട്ടു. സൈക്കിൾറിക്ഷകൾ രംഗം കൈയ്യടക്കി. ഒന്നിലേറെ യാത്രക്കാരെ കയറ്റാം. വലിച്ചുകൊണ്ടോടേണ്ട. ആയാസവും കുറവ്. സുകുമാരൻ, നീലാംബരൻ, പൈ തുടങ്ങിയ പലരും പിന്നീട് മധുരയിൽ നിന്ന് വണ്ടിയിറക്കി. വണ്ടിയൊന്ന് റോഡിലിറങ്ങാൻ 600 രൂപ ചെലവ്. നിക്കൽ പൂശിയതിന് 900 രൂപ.

'അന്ന് വൈകീട്ട് ആറു മണി വരെ വണ്ടി ചവിട്ടിയാൽ 10-25 രൂപ കിട്ടും. അതീന്ന് ഒന്നര രൂപ വാടക പോകും. എന്നാലെന്താ, ജീവിതം സുഖം. അന്ന് ആറണ കൊടുത്താൽ (65 പൈസ) ചോറ് കിട്ടും. രണ്ടണക്ക് ഒരു ചായ. ഇന്ന് ദെവസം 250 രൂപ കിട്ടിയാലും തെകയത്തില്ല'-ലത്തീഫ് കാലങ്ങളെ താരതമ്യം ചെയ്യുന്നു.

എല്ലാ ചെലവും കഴിഞ്ഞ് അഞ്ച് രൂപയെങ്കിലും മിച്ചം കിട്ടും. അതാണ് റിക്ഷാക്കാരന്റെ സമ്പാദ്യം .

പേറ്റുനോവെടുത്ത് പെണ്ണുങ്ങൾ പുളയുമ്പോൾ പാതിരാ നേരത്ത് ആദ്യം മുട്ടിവിളിക്കുന്നത് റിക്ഷാക്കാരന്റെ വീട്ടുവരാന്തയിലായിരുന്നു. ഇന്ന് പുകചീറ്റി പരക്കം പായുന്ന വാഹനങ്ങൾ മാത്രം കാഴ്ചയാകുന്ന ഈ നഗരത്തിൽ ഒരുകാലത്ത് എല്ലാത്തിനും ആശ്രയം സൈക്കിൾ റിക്ഷയായിരുന്നു. യാത്രക്കാരനെ അടുത്ത കവലയിലിറക്കാനും കടകളിൽ നിന്ന് ചരക്കുകൾ വള്ളങ്ങളിലെത്തിക്കാനും വിവാഹത്തിന് വരനും പാർട്ടിക്കും പോകാനും രോഗക്കിടക്കയിൽ ഡോക്ടറെ എത്തിക്കാനും മാത്രമല്ല, ആംബുലൻസായും റിക്ഷ പ്രയോജനപ്പെട്ടിരുന്നു. പ്രസവത്തിൽ മരിച്ച സ്ത്രീയുടെ പഴമ്പായയിൽ പൊതിഞ്ഞ ശരീരം ഒരു പാതിരാത്രിയിൽ 40 കിലോ മീറ്റർ അകലെ മാവേലിക്കരയിൽ എത്തിച്ച സംഭവം വിജയൻ ഇപ്പോഴും മറന്നിട്ടില്ല.

യന്ത്രത്തിന്റെ മുരൾച്ചയിൽ യാത്രക്കാരനും സാരഥിയും തമ്മിലുള്ള വേറിടൽ റിക്ഷായാത്രയിലുണ്ടാവുന്നില്ല. കൂലി കൊടുത്ത് പിൻവാങ്ങിയിട്ടും അവസാനിക്കാതെ ജീവിതത്തിൽ പിടിച്ചുതൂങ്ങിനിൽക്കുന്ന ഒരുപിടി ബന്ധങ്ങൾ 40 വർഷത്തെ റിക്ഷാസഞ്ചാരം തന്നിട്ടുണ്ടെന്ന് വിജയൻ പറയും.

അതിലൊന്ന് കോഴിക്കോട്ടുകാരായ ഡോക്ടർ ദമ്പതികൾ. ആമിനയും ബഷീറും. ആലപ്പുഴ നഗരത്തിൽ രണ്ടുപേരുടെയും സാരഥി വിജയനായിരുന്നു. പിന്നെ മറ്റൊരു ഡോക്ടർ തോമസ്. ഇവരുടെയൊക്കെ സഹായത്തോടെയായിരുന്നു തന്റെ പെൺമക്കളെ വിവാഹം കഴിച്ചയച്ചതെന്നത് ഈ റിക്ഷാക്കാരന്റെ ഏറ്റവും നല്ല ഓർമ്മയാണ്. ഇന്നും അവർ നഗരത്തിൽ എത്തുമ്പോൾ ഇയാളെ തിരഞ്ഞുവരുന്നു. യന്ത്രങ്ങൾക്കു മനസ്സിലാകാത്ത ഒരു ഭാഷ അധ്വാനത്തിനുണ്ടെന്നും അത് അവസാനിക്കാതെ നിലനിൽക്കുമെന്നും വിജയന്റെ റിക്ഷാജീവിതം പറഞ്ഞു തരുന്നു.

സൈക്കിൾ റിക്ഷകൾക്ക് ഭീഷണിയായി ഓട്ടോറിക്ഷാ വിപ്ലവം റോഡുകളെ കീഴടക്കി തുടങ്ങിയത് എൺപതുകളുടെ ആദ്യത്തിലായിരുന്നു. സൈക്കിൾ റിക്ഷക്കാർ ഓരോരുത്തരായി ഓട്ടോ റിക്ഷക്കാരായി. അതിവേഗം എന്ന ആവേശം കാലത്തെ പിടികൂടിത്തുടങ്ങുകയായിരുന്നു. പുതിയ വാഹനവും പുതിയ സംസ്കാരവും പിടിമുറുക്കിയപ്പോൾ സൈക്കിൾറിക്ഷ കൗതുകക്കാഴ്ചയായി. നഗരം കാണാനെത്തുന്ന സഞ്ചാരികൾക്ക് ഉല്ലാസയാത്രക്ക് മാത്രം പറ്റിയ വാഹനമായി. ടൂറിസ്റ്റ് ഭൂപടത്തിൽ പ്രാധാന്യം നേടിയിട്ടുണ്ടെങ്കിലും നഗരത്തിൽ കാഴ്ചക്കാർക്കായി അധികമൊന്നുമില്ല. അതുകൊണ്ട് റിക്ഷയിൽ കയറുന്ന ടൂറിസ്റ്റുകളും അത്യപൂർവം. അങ്ങനെ അയ്യായിരത്തോളം വരുന്ന റിക്ഷക്കാരുടെ എണ്ണം അമ്പതിൽ താഴെയായി.

കാലത്തിന്റെ മാറ്റത്തെ ആലപ്പുഴയിലെ അവശേഷിക്കുന്ന റിക്ഷക്കാർ നേരിട്ടത് തങ്ങളുടെ ജീവിതശൈലി കൊണ്ട് മാത്രമാണ്. സാധാരണക്കാരന്റേതടക്കം കുട്ടികൾ ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കാൻ തുടങ്ങിയപ്പോൾ അവരുടെ കുട്ടികളെ സ്കൂളിലെത്തിക്കാനും തിരികെ കൊണ്ടു

വരാനും റിക്ഷകൾ പ്രയോജനപ്പെട്ടുതുടങ്ങി. രാവിലെയും വൈകുന്നേരവും നഗരത്തിലെ സ്കൂളുകൾക്കു മുന്നിൽ മാത്രമായി റിക്ഷകൾ ചുരുങ്ങിയത് അങ്ങനെയാണ്. രാവിലെ ഒമ്പത് മണിക്ക് കുട്ടികൾക്കായി പുറപ്പെടുന്ന റിക്ഷകൾ അവരെ സ്കൂളിലാക്കി മടങ്ങും. പിന്നെ വൈകുന്നേരം മൂന്നുമണിക്ക് അടുത്ത ഊഴം. മാസത്തിൽ കിട്ടുന്നത് ആയിരത്തി അഞ്ഞൂറിനടുത്തെങ്കിലും ഈ ജീവിതത്തിന് ഇത്ര മതിയെന്ന് ലത്തീഫും വിജയനുമൊക്കെ പറയുന്നു. രണ്ട് നേരമല്ലേ ഉള്ളു. ബാക്കി സമയം മറ്റു വല്ലതും ചെയ്യാം. ഇല്ലെങ്കിൽ വെറുതെ ഇരിക്കാം-അവർ പറയുന്നു.

സ്കുൾ ബസ്സിലും ഓട്ടോറിക്ഷയിലും കുട്ടികളെ കുത്തിനിറച്ച് പരക്കം പായുന്നത് നഗര-നാടൻ വ്യത്യാസങ്ങളില്ലാത്ത സ്ഥിരം കാഴ്ചയാണിപ്പോൾ. അതിനിടയിലൂടെ അപഹസിക്കപ്പെട്ട ഒരു കാഴ്ചയായി ഈ സൈക്കിൾറിക്ഷകൾ നീങ്ങുന്നതിന് പിന്നിൽ ചെറിയൊരു ഗുട്ടൻസുണ്ട്. ആക്രാന്തം പെരുകിയ വാഹനങ്ങളുടെ മരണപ്പാച്ചിലിന് കുട്ടികളെ വിട്ടു കൊടുത്തുവെന്ന ആശങ്കയില്ലാതെ അവരെ സ്കൂളിലേക്ക് പറഞ്ഞയച്ച് മനസ്സമാധാനത്തോടെ വീട്ടിലിരിക്കുന്നു അമ്മമാർ.

'സൈക്കിൾ റിക്ഷയിൽ കയറുന്നത് ആളുകൾക്കിപ്പോൾ നാണക്കേടാ. പിന്നെ ഹർത്താലും ബന്ദും വരുമ്പോൾ ഗതിമുട്ടിയാൽ അവര് കേറും' എന്ന് ലത്തീഫ്.

എഴുപതുകൾ പിന്നിട്ട ഇവർ ഇന്നും പിൻമുറക്കാരില്ലാത്ത ഈ പണിക്കിറങ്ങുന്നത് യന്ത്രം പോലെ വീട്ടിലിരുന്നു തുരുമ്പുപിടിച്ചു പോകാതിരിക്കാനാണ്. 'വയസ്സിത്രയായില്ലെ. ദൈവം സഹായിച്ച് ഇതുവരെ ഒരു അസുഖവും വന്ന് എവിടെയെങ്കിലും കിടന്നിട്ടില്ല. അതിന്റെ കാരണം ഈ പണിതന്നെയാണ്' - എന്ന് വിജയനും ലത്തീഫും.

ലത്തീഫിന്റെ മകൻ അഷറഫ്. പുതിയ തലമുറക്കാരൻ. ബാപ്പയെപ്പോലെ കുട്ടികളെ സ്കൂളിലെത്തിക്കുന്ന പണി ഇയാൾക്കുമുണ്ട്. എല്ലാ മാസവും ഒന്നാം തീയ്യതി മുടങ്ങാതെ ബാപ്പക്ക് കാശ് കിട്ടും. യന്ത്രമായതു കൊണ്ടായിരിക്കാം നമ്മുടെ കാശ് ആളുകള് കടം പറയുന്നത്.

അധികകാലം ഈ വാഹനങ്ങൾ നിരത്തിലുണ്ടാവില്ല എന്ന് ഇവർക്ക് നന്നായി അറിയാം. ഞങ്ങളും പഴകി, വണ്ടിയും പഴകി. ഇനി ആരും ഈ പണിക്ക് ഇറങ്ങുമെന്നു തോന്നുന്നില്ല. എല്ലാരിക്കും, കുട്ടികൾക്കും ഇപ്പോൾ വേഗം കൂടിയ വണ്ടി മതിയല്ലോ- ലത്തീഫ് പറഞ്ഞവസാനിപ്പിച്ചു. അപ്പോൾ മനസ്സിൽ വേഗത്തിലെത്തിയത് മൈ ഡിയർ കുട്ടിച്ചാത്തൻ എന്ന ത്രിമാന സിനിമയിലെ ഒരു രംഗം. കോണ്ടസ കാറിൽ അതിവേഗം സ്കൂളിലേക്ക് വരുന്ന പണക്കാരനായ കുട്ടി സൈക്കിൾറിക്ഷയിൽ വരുന്ന കൂട്ടുകാരുടെ ദേഹത്ത് വെള്ളം ചീറ്റിച്ചു രസിക്കുന്നത്, റിക്ഷക്കാരനോട് കുട്ടികൾ വണ്ടി വേഗത്തിൽ ചവിട്ടാൻ പറയുന്നത്, അതിനാവാതെ റിക്ഷക്കാരൻ കുഴഞ്ഞു പോകുന്നത്. ●

